EXPENSES ON ACCOUNT OF SERVICE COMMISSION—PARTICULARS OF

66. (113) മിസ്റ്റർ പി. കെ. ഡീവർ: താഴെപറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവൺമെണ്ടു് സദയം മറുപടി പറയുമോ.—

(എ) സ്റ്റാഫ് സെലക്ഷൻ ബോർഡിന്റെ പ്രവർത്തനം നിർത്തൽചെയ്ത പബ്ലിക്ക സർവ്വീസ് കമ്മീഷൻ നടപ്പിലാക്കിയതു് എന്നുമുതൽക്കാണു്;

(ബി) ൧൯൫൫ തുലാം ൧-ാംതിയ്യതിവരെ പബ്ലിക്ക സർവ്വീസ് കമ്മീഷൻ അംഗങ്ങളുടെ ശമ്പളച്ചിലവു്, സ്റ്റാഫിന്റെ ശമ്പളച്ചിലവു്, ആഫീസ്സുചിലവു തുടങ്ങി എല്ലാ ചിലവുമടക്കം പബ്ലിക്കുസർവ്വീസ് കമ്മിഷന്റെ പേരിൽ എന്തു ചിലവു വന്നിട്ടുണ്ടു്;

(സി) പബ്ലിക്ക സർവ്വീസ് കമ്മീഷനു പ്രതിമാസം (സ്റ്റാഫിന്റെ ശമ്പളം മുതലായവ അടക്കം) എന്തു ചിലവു വന്നുകൊണ്ടിരിക്കുന്നു;

(ഡി) പബ്ലിക്ക സർവ്വീസ് കമ്മീഷൻ ഇതുവരെ ൧൯൫൦ ക. ക്കു മേലുള്ള എതു നിയമനങ്ങൾ ശുപാർശ ചെയ്തിട്ടുണ്ടു്; സ്റ്റാഫ് സെലക്ഷൻ ബോർഡ് ചെയ്തിരുന്നതിനെ കവിഞ്ഞു വല്ല പ്രവർത്തനവും പബ്ലിക്ക സർവ്വീസ് കമ്മീഷൻ നടത്തിയിട്ടുണ്ടോ;

(ഇ) പബ്ലിക്ക സർവ്വീസ് കമ്മീഷൻ ചട്ടങ്ങൾ എഴുതി ഉണ്ടാക്കുകയൊ നടപ്പിലാക്കുകയൊ ചെയ്തിട്ടുണ്ടോ?

മിസ്റ്റർ സി. എ. ഔസേപ്പ്:

(എ) ൧൯൫൬ ചിങ്ങം ൧൫-ാംതിയ തിമുതൽ.

(ബി) അംഗങ്ങളുടെ ശമ്പളച്ചിലവു്	ഉറപ്പിക	൧൫൭, ൦൧൫— ൦
സ്റ്റാഫിന്റെ ശമ്പളച്ചിലവു്	,,	൩൫,൫൯൨— ൦
ആകെ ക്ഷാമബത്ത	,,	൬,൫൫൫— ൦
ആഫീസ് ചിലവു മുതലായവ	,,	൬,൯൩൯— ൩൭
ആകെ ചിലവു്	,,	൯൨,൧൫൬— ൩൭

(സി) ക. ൧, ൬൧൫—൧൫— ൦.

(ഡി) ൧൯൫൦ ക. ക്കു മേലുള്ള ഒരു നിയമനവും ശുപാർശ ചെയ്തിട്ടില്ല. സ്റ്റാഫ് സെലക്ഷൻ ബോർഡ് ചെയ്തതിനെ കവിഞ്ഞു യാതൊരു പ്രവർത്തനവും പബ്ലിക്ക സർവ്വീസ് കമ്മീഷൻ നടത്തിയിട്ടില്ല.

(ഇ) പബ്ലിക്ക സർവ്വീസ് കമ്മീഷന്റെ നടത്തിപ്പിനുള്ള കരടു ചട്ടങ്ങൾ ഉണ്ടാക്കിയിട്ടുണ്ടു്. അവ ഗവൺമെണ്ടിന്റെ ആലോചനയിൽ ഇരിക്കുകയാണു്.

Mr. K. Kochukuttan *(Aranattukara Depressed)*: I may be permitted to put question No. 70 also along with this.

Mr. President: Yes.

SERVICE COMMISSION—PARTICULARS OF

70. (240) മിസ്റ്റർ കെ. കൊച്ചുകുട്ടൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്നും സദയം മറുപടി പറയുമോ.—

(എ) സ്റ്റാഫ് സെലക്ഷൻ ബോർഡ് സർവ്വീസ് കമ്മീഷൻ ആയി രൂപാന്തരപ്പെട്ടത്തിയിട്ടു് ൧൯൫൫ കന്നി ൧൦-ാംനു എതു കാലമായി;

(ബി) ഈ കാലത്തിനകത്തു സർവ്വീസ്സു് കമ്മീഷന്റെ വകുപ്പു് എന്തൊക്കെയെന്നു് തിട്ടപ്പെടുത്തി അംഗീകരിക്കുകയുണ്ടായൊ;

(സി) ൧൯൫൦ ക. യിൽ കൂടുതൽ ശമ്പളമുള്ള തസ്തികയിൽ നിയമനം നടത്താനുള്ള അധികാരം സർവ്വീസ് കമ്മീഷനു് ഉണ്ടോ;

(ഡി) സർവ്വീസ് കമ്മീഷനിലെ അംഗങ്ങൾ എതു; ഓരോരുത്തരുടെയും ശമ്പളം എന്തു;

(ഇ) തിരുവിതാംകൂറിൽ സർവ്വീസ് കമ്മീഷനിൽ എതു അംഗങ്ങളുണ്ടു്?

മിസ്റ്റർ സി. എ. ഔസേപ്പ്:

(എ) ൧ കൊല്ലം ൧ മാസം ൧൯ ദിവസം.

(ബി) കമ്മീഷന്റെ നടത്തിപ്പിനുള്ള ചട്ടങ്ങൾ ഗവൺമെണ്ടിന്റെ ആലോചനയിലിരിക്കുകയാണു്.

LIBRARY ARCHIVES Kerala Legislative Assembly